62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 950 Participant Code: 113

# ഒറ്റയ്ക്ക് ഒരു ചെരുപ്പ്

മനാഞ്ചേരിയിൽ നിന്ന് ഒന്ന്, ഒന്നര കിലോമീറ്റർ മാറിയുള്ള മുത്താരമ്മ ജംഗ്ഷനിൽ നിന്നും ഉള്ളിലേക്കുള്ള പാതയാണ്. ടാറിട്ടതാണെന്ന് കാഴ്ചയിൽ മനസ്സിലാകാത്ത വഴിയിൽ വലിയ തിരക്കില്ല. റെയിൽവേ പാളത്തിന് ~~[illegible]~~ അയൽവാസിയായതിനാൽ കാഴ്ചയ്ക്ക് തടസ്സം സൃഷ്ടിക്കാൻ കഴിയുന്നത്ര പൊടിയുണ്ട് അവിടെയെല്ലാം. വേഗത്തിൽ നടന്നതു കൊണ്ടാ ഉള്ളിൽ ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത പുതിയൊരു ഭാവം ഉടലെടുത്തത് കൊണ്ടാ സമയം അഫ്താക്കിനെ വല്ലാതെ പിടിക്കും പോലെ അയാൾക്കു തോന്നി. ഏതു നേരവും കൂടെയുണ്ടാകുന്ന ഭയത്തിന്റെ അഭാവം ഈ പ്രത്യേക സന്ദർഭത്തിൽ അയാളെ ശ്വാസം മുട്ടിച്ചു. ഏറിയ വെളിച്ചത്തിലും ചുറ്റും നിഴലുകൾ മാത്രം അയാൾ കണ്ടുകൊണ്ടിരുന്നു. അടുത്ത് ക.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കണ്ട. ഒരു. ഓടയിലേക്ക്. അയാളുടെ. കൈകൾക്ക്.
നീണ്ടാൻ. തോന്നി. ഓടയിലെ. അഴുകിയ. ഭക്ഷണ.
അവശിഷ്ടങ്ങളുടെയും. മലമൂത്ര. വിസർജ്യങ്ങളുടെ-
യും. ഗന്ധം. അയാൾക്ക്. മനുഷ്യമാംസത്തിന്റെ. . . . .
സുഗന്ധത്തെ. ഓർമപ്പെടുത്തി. അവയെയിൽ. അയാൾ
സ്വയം. കണ്ട. പോലെ. ഇരു. കൈകളും. ~~വെള്ളത്തിൽ~~
മുക്കി. മതിയാകുവോളം. ആ. ഓടജലത്തിൽ. . . . .
അയാൾ. കഴുകി. തുടർന്ന്. കൈലി മുണ്ടിന്റെ. അറ്റം
പൊക്കി. കൈകൾ. തുടച്ചു. വൃത്തിയാക്കാൻ. . . . . .
'ശ്രമിച്ചു'. മെലിഞ്ഞ. തന്റെ. വിയർപ്പു. മൂടിയ. . . . .
ശരീരത്തിന്റെ. . ഒരു. കോണിലും. അയാൾ. ഭയം. . .
എന്ന. ഭാവം. . അറിഞ്ഞില്ല. സൂര്യൻ. കാർക്കിച്ച്. . . .
തുപ്പും. പോലെ. തന്റെ. കിരണങ്ങൾ കൊണ്ട് അയാളുടെ.
തൊലിപ്പുറത്ത്. പൊള്ളൽ. ഏൽപ്പിച്ചുകൊണ്ടിരുന്നു.
. . . . ആകാശം. . രക്തം. ഛർദ്ദിച്ചുകൊണ്ടേയിരുന്നു. .
കുടയില്ലാത്തതിനാൽ. ആലവും. വൈശന്നും. . നരവിലൂടെ
നനവു പേറികൊണ്ട്. . നടന്നു. . ഉന്മാദത്തിന്റെ. . .
ഏത്. . അവസ്ഥാന്തരങ്ങളും. . ഇരുവരും. . . . . .
ഒരുമിച്ചാണ്. നുകരാറുള്ളത്. . അതാണ്. . . .

പതിവ്. മഴ എടുത്തിടപ്പെട്ടതിനാൽ കത്തിത്തീരാത്ത
സിഗരറ്റ് കുറ്റി ചാരി നിന്ന ~~ചുമരിൽ~~ [മതിലിൽ] കുത്തി മായാത്ത
പാടുകൾ ഉണ്ടാക്കി. റോഡിനിരുവശത്തും
ആളുകൾ ഓട്ടപ്പാച്ചിലിൽ ആണ്. തീരേണ്ടതും
തീരാത്ത എന്നാൽ തീരാത്തതുമായ പല
കണക്കുകളും മനസ്സിലിട്ട് കാലത്തിന്റെയും
ജീവിതയാഥാർത്ഥ്യങ്ങളുടെയും ഉത്തരാ കുടുക്കുകളും
വികൃത മുഖങ്ങളും കണ്ട് ഭയന്നുള്ള ഓട്ടം
ആയിരിക്കും. അതെല്ലാം "ബീഡിയൊരെണ്ണം
ഉണ്ട്" യെശന്ത് പതുക്കെ പറയാൻ കൂട്ടാക്കാത്ത
ഉറച്ച് തന്നെ പറഞ്ഞു. ഉറച്ച് പറഞ്ഞാലും
തങ്ങളുടെ ഭാഷ ബീഡിയായതിനാൽ ചുറ്റിലും
ഉള്ളവർക്ക് എല്ലാവർക്കുമൊന്നും അത്
[illegible] തലച്ചോറിന്റെ വാതിൽ തുറന്ന്
ഉള്ളിൽ എത്തില്ല എന്ന ഉറപ്പായിരുന്നു
യെശന്തിന്റെ ശബ്ദത്തിലെ ഉയർച്ചയുടെ
അടിസ്ഥാനം. "ഏത്? കൊള്ളാമോ... എനിക്കും
കൂടി ഒന്ന് ഉപയോഗിക്കാൻ താ" എന്ന് ചാൾതലം
ബീഡിയിൽ തന്നെ തിരിച്ച് ചോദിച്ചു.

ഇരുവരും മലയാളം ചില്ലറ മാസങ്ങൾ കൊണ്ട് തന്നെ അറിഞ്ഞെടുത്തിരുന്നു. എന്നാൽ കൂടി പരസ്പരം സംസാരിക്കുക തങ്ങളുടെ ഭാഷയിൽ തന്നെയാണ്. "താരാ.... നീ ഒന്ന് അടങ്ങ്, എപ്പോഴത്തെയും പോലെ കാശ് എന്റെ പോക്കറ്റിൽ നിന്ന് മാത്രം. ഇറങ്ങിയാ ~~[illegible]~~ കൂടില്ല. കേട്ടോ?" അഫ്താബ്? "" അതൊക്കെ ... താരാ....." ഇരുവരുടെയും സൗഹൃദത്തിന് കാലം ഇടയിൽ പാലം ഇട്ടതും ഇതേ പുകപടലത്തോടുകൂടെ അസാധ്യമായ അടുപ്പം തന്നെയായിരുന്നു. പുകയിലയിൽ തുടങ്ങിയത് ഇന്ന് സിറിഞ്ചിൽ എത്തി നിൽക്കുന്നു എന്നു മാത്രം. ~~ഇരുവരും~~ ~~അസംകാരാണ്~~.

"ഇരുവരും അസംകാരാണ്..... അല്ല, ബെംഗാൾ... ഹരിയാനയിൽ നിന്നാണ് എന്നു തോന്നുന്നു." കോൺട്രാക്ടർ സംശയത്തോടെ പറഞ്ഞു. നെറ്റിയിൽ ചുവപ്പുള്ള ആ ജീപ്പുകൾ അതോടെ അവിടെ നിന്ന് തിരിച്ച് പോയി. മണിക്കൂറുകൾ കഴിഞ്ഞിട്ടും അവൾ വാതിലിനു പുറത്തെ ജനക്കൂട്ടത്തെ കാണാതെ പുറത്തെ അനന്തതയിലേക്ക്, ...

ഇരുട്ടിലേയ്ക്ക് കണ്ണുകളുടെ ആഴം കോർത്തിട്ടിട്ട് ഇരുന്നു. മുറ്റത്ത് ചന്ദനയുടെ പന്ത് കിടപ്പുണ്ടായിരുന്നു. മുമ്പിൽ വീണിട്ടുണ്ടെന്ന് തോന്നുന്നു, അത് ചുരുണ്ടിയിട്ടുണ്ട്. അത് പതുക്കെ പതുക്കെ അവസാന ശ്വാസവും നഷ്ടപ്പെടുന്നതും കാത്ത് മുഖവും കൊണ്ട് മുറിവിൽ നിന്നു പൊടിയുന്ന തന്റെ ചോരയുടെ കാറ്റ് ഏറുന്നതും അറിഞ്ഞ് അങ്ങനെ കിടക്കുന്നു. നിലവിളികൾ ഒന്നുമില്ല. ഇരുട്ട് വീണ് തുടങ്ങിയതിനാൽ എല്ലാം അടങ്ങി. ~~അ~~ എന്നാലും അവളിപ്പോഴും തന്റെ മുറ്റത്തിന്റെ കുറ്റുടൽ പടി കടന്ന് വരുന്നത് അറിയാനായി പ്രകാശം കിറപ്പിട്ടത് അറിയാതെ കാത്തിരിക്കുന്നു. തുരുമ്പിച്ച ഷീറ്റിലെ തുളകളിൽ നിന്ന് ഓരോ തുള്ളിയും സിമന്റ് ഇട്ടതാണെങ്കിലും കുഴികൾ വീണ തറയുടെ മാറിൽ ആർത്തലച്ച് വന്ന് വീണു. ~~ചെല~~ ~~ചതി~~ ~~ചാലകത്ത്~~ കൊണ്ടേയിരിക്കുന്നു. എത്രകാലം ആ മാറിന് അവളെ താങ്ങാനാവും. ~~ഉച്ച~~ വെയിൽ അതിന്റെ അവസാന ഇറ്റും വലിക്കും

വരെ മാത്രം ചുഴി പോയിരിക്കുന്നു......

"എന്നാലും അപ്പോഴേക്കേ നീ അന്ന......"

പൂർത്തിയാക്കാൻ കഴിയാതെ പോയി അയാൾക്ക്,

അവളുടെ ഇനിയും അടയാത്ത കണ്ണുകൾ

വാതിലിനപ്പുറത്തൊന്നാണ് കണ്ടപ്പോൾ......

"കുട്ടിക്ക് ഫ്രൂട്ടി ഒന്നോ വാങ്ങി കൊടുത്താണ്

കൊന്നു പോയത്. ഞങ്ങൾ അന്വേഷിക്കുന്നുണ്ട്.

നിങ്ങൾ സമാധാനമായി ഇരിക്കൂ. ഒന്നും

ഉണ്ടാവില്ല...." വാക്കുകൾ വാരി വിതറി

പോലീസുകാരും പോയി, കണ്ണു തിന്നുന്ന വാക്കു

വാക്കുകൾ.......

മനസ്സ് തന്നെ ചതിച്ചെന്ന് അലം

തിരിച്ചറിഞ്ഞു: "ഞാൻ പാലിനെ കൂട്ടാതെ സ്വപ്ന-

വും മോഷ്ടിച്ച് ഇറങ്ങിയത്.... ആ ഇനിപ്പോ

എന്താകുമോ എന്തോ?" മനസ്സിലൊതുക്കാനാ-

കാതെ തുറന്ന് പറഞ്ഞ് കൊണ്ടയാൾ നടന്നു.

ബോധം തിരികെ വന്നത് ഇപ്പോഴാണ്. രണ്ട്

നിമിഷം മുൻപ് വരെ അത് എന്തെന്നല്ലായോ

ചിന്തിക്കാൻ പോലുമാകാത്ത ചിന്തകളാൽ...

നിറഞ്ഞിരുന്നു. ആ ചെറിയ ജീവൻ കൈക്കുള്ളിൽ ഞെരടുമ്പോൾ അയാൾ ഞാൻ ഭൂമിയിൽ ആണെന്നു മറന്നു. രക്തം കണ്ട് കൂടുതൽ ഉത്സാഹഭരിതനായി. ചെറിയ ലോകത്തിന്റെ ഉടമകളെ കീറി മുറിച്ച് രസിച്ചു. ശബ്ദം ഇല്ലാതെ കുഞ്ഞ് ചുണ്ടുകൾ വിറങ്ങലിക്കുന്നത് കാണുമ്പോൾ അയാളിലെ അയാൾ തന്നെ ഉണരുകയായിരുന്നു. അവസാനം കുഞ്ഞു നീല ചോര പുരണ്ട കുഞ്ഞു നീല ബനിയൻ കീറി അടുത്തുള്ള ഓടച്ചാലിൽ ഇട്ടു. എന്തിനായിരുന്നു എന്ന് ഇപ്പോൾ ഓർത്തിട്ട് അറിയാനാവുന്നില്ല. പിന്നെ കുഞ്ഞ് ചുവന്ന ചെരുപ്പുകൾ രണ്ടും ഊരി കൈകളിൽ എടുത്തു. ചവറു കൂനയുടെ അടുത്തുണ്ടായിരുന്ന മതിലിനപ്പുറത്തേക്ക് വലിച്ചെറിഞ്ഞു. ലുങ്കി മടക്കി കുത്തി അയാൾ എല്ലാം ശരിയായെന്ന് ഉറപ്പ് വരുത്തി. ആ ചുവന്ന ചെരുപ്പിലൊന്ന് അടുത്ത പറമ്പിൽ തന്നെ ചലനമറ്റ് കിടന്നു. മറ്റൊന്ന് അടുത്ത തോട്ടിലേക്കാണ് ചെന്നു വീണത്. അത്

ഓർമ്മ പടർന്ന് പടർന്നത് അയാളിൽ ......
ഇല്ലാതിരുന്ന , ഇതുവരെ രുചിക്കാത്ത ,
പുതിയ ഭാവമായ ഭയത്തെ ഉണർത്തി.
അയാളിൽ തന്റെ പുതിയൊരു രൂപം അയാൾ
തന്നെ അറിഞ്ഞു. ഇരുട്ട് പ്രകാശം വിരിച്ച്
മൂടിയതിനാലാവണം നിരത്ത് വിജനമായി
മാറിയിരുന്നു. കണ്ടാൽ കടിച്ച് കീറുമെന്ന് തോന്നുന്ന
തെരുവ് .. എന്നും തെരുവ് അതേപോലെ
ചെയ്തിട്ടുള്ളൂ.

പുതിയതായി നുകർന്ന തന്നിലെ ഭാവം
അയാളിൽ നിന്ന് ചോർന്നു. ഇപ്പോൾ വീണ്ടും
പുതിയതെന്തോ ഒന്ന് അയാൾ അറിയുന്നു.
എന്താണെന്ന് അറിയില്ല. ഒന്ന് അറിയാം
അത് എല്ലാത്തിനെക്കാളും വേദനിപ്പിക്കുന്നതാണ്.
അത് അയാളുടെ തൊണ്ട വലിച്ചു.
ഹൃദയത്തെയും ബുദ്ധിയെയും മരവിപ്പിച്ചു.
കൈകാലുകളുടെ ചലനത്തെ തടസ്സപ്പെടുത്തി.
~~ഇതിൽ~~ ആ ചെവികളിൽ അയാൾക്ക്
അയാളെ കേൾക്ക തന്നെ കേൾക്കാമായിരുന്നു.

'നിന്നിലെ എന്നെ അറിയാൻ നീ വൈകി
നിനക്ക് പിഴച്ചത് എവിടെയെന്ന്
ഇപ്പോൾ നിനക്കറിയാം. ഇനി വരുന്നതെന്തും ഇരു
കൈ നീട്ടി സ്വീകരിച്ചേ മതിയാവൂ. എത്ര തന്നെ
ശ്രമിച്ചിട്ടും ഇനി കാര്യമില്ല.'

... തെരുവു പട്ടികൾക്ക് അപായത്തിന്റെ
ഗന്ധമാണ് മനുഷ്യഗന്ധത്തിനു പകരം അയാളിൽ
നിന്ന് ലഭിച്ചത്. അവ അയാൾക്കടുത്തേക്ക്
കൂട്ടത്തോടെ പാഞ്ഞു. അവയുടെ
പല്ലുകൾ അയാളുടെ ഉന്മാദം നിറഞ്ഞ
എല്ലാ ഇന്ദ്രിയങ്ങളും കടിച്ചുനിറഞ്ഞു.
അയാളുടെ നിലവിളികൾക്ക് നിശബ്ദത മാത്രം
മറുപടിയായി. നടുറോഡിൽ വസ്ത്രമുരിഞ്ഞ
ദേഹമാസകലം മുറിവുകളുമായി കിടന്ന്
അയാൾ നരച്ച കാലത്തെ
പഴിച്ചു കിടന്നു. ഒരു തോടിന്റെ
ഓരങ്ങളിൽ ഒരു കുഞ്ഞ് ചെരുപ്പ് മാത്രം
ചെറു ചിരി ബാക്കി വച്ച് ഓരങ്ങളിൽ
ഒഴുകിക്കൊണ്ടിരുന്നു....

Item Code: 950 Participant Code: 113

പെട്ടന്ന് ഞെട്ടിയുണർന്നു. എന്തൊരു .....
സ്വപ്നം! ഓർക്കാനായില്ല. അയാൾക്ക്.
എന്നിലെ ജ്ഞാനിനെയും ഞാൻ ഇതുവരെ
അറിഞ്ഞിട്ടില്ല എന്ന് ഒന്ന് ഓർത്തു.
~~എല്ലാവരും~~ ~~ഇ~~ തീവണ്ടിയിൽ നിന്ന്
എല്ലാവരും ഇറങ്ങിപ്പോയി, ഒടുവിൽ
തീവണ്ടി മുറിവിൽ അയാൾ മാത്രമായി...
എല്ലാം മറവിയിൽ അലിഞ്ഞ് ചേർന്നു.
കഴിഞ്ഞിരുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).